15 (*250) **മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് മാസ്റ്റർ പ്ലാൻ**

ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ ശുപാർശ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇതല്ലെങ്കിൽ റിപ്പോർട്ട് എത്ര കാലത്തിനകം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കമ്മിറ്റിയുടെ റിപ്പോർട്ടു ലഭിച്ചിട്ടില്ല. ഒരു കമ്മിറ്റിയംഗത്തിന്റെ നിര്യാണംമൂലം കമ്മിറ്റിയുടെ പ്രവർത്തനം താൽക്കാലികമായി നിലച്ചിരിക്കുകയാണ്. കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

16 (* 251) **ഉന്നതവിദ്യാഭ്യാസമേഖല പരിഷ്കരിക്കുന്നതിന് നടപടി**

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.എ. തോമസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എളമരം കരീം :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖല കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് ഇതുവരെ കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ പ്രസക്തിയും ഗുണമേന്മയും മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിൽ കൂടുതൽ പാഠ്യപദ്ധതികൾ ആരംഭിക്കുന്നതിനും അദ്ധ്യയന വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly